ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ പ്രചാരണം ഉച്ചസ്ഥായിയിൽ; ബി ജെ പി പ്രകടന പത്രിക ഇന്ന് പുറത്തിറക്കും; കോൺഗ്രസ് 16 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി പുറത്തിറക്കി.**

   **The campaign is at its peak with only days left for the first phase of the Lok Sabha elections; BJP manifesto to be released today; Congress released the list of 16 candidates**

2. **കേരളം ലോക്സഭാ തെരഞ്ഞെടുപ്പ് ചൂടിൽ; എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാത്രി കേരളത്തിലെത്തും; യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽഗാന്ധി നാളെയും മറ്റന്നാളും വയനാട്ടിൽ.**

   **Kerala Lok Sabha election in heat; Prime Minister Narendra Modi will arrive in Kerala tonight for NDA campaign; UDF candidate Rahul Gandhi in Wayanad tomorrow and the day after.**

3. **ഇന്ന് വിഷു; പ്രതീക്ഷയുടെ കണികണ്ട് വിഷുവിനെ വരവേറ്റ് മലയാളികൾ.**

   **Vishu today; Malayalees welcome Vishu with a glimmer of hope**

4. **ഭരണഘടനാ ശില്പി ഡോ ബി.ആർ അംബേദ്കറുടെ 134-ാം ജന്മവാർഷികദിനം ഇന്ന്; സ്മരണാഞ്ജലി അർപ്പിച്ച് രാജ്യം.**

   **134th Birth Anniversary of Constitutional Architect Dr BR Ambedkar Today; The nation paid tribute.**

5. **വീണ്ടും സംഘർഷഭീതിയിൽ പശ്ചിമേഷ്യ; ഇസ്രായേലിന് നേരെ ഇറാൻ, ഡ്രോണുകളും മിസൈലുകളും വിക്ഷേപിച്ചു.**

**West Asia in fear of conflict again; Iran has launched drones and missiles at Israel.**

6. **ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിങ്സിനെതിരെ രാജസ്ഥാൻ റോയൽസിന് ജയം; ഐഎസ്എൽ ഫുട്ബോളിൽ ഒഡീഷയെ പരാജയപ്പെടുത്തി നോർത്ത് ഈസ്റ്റ് യുണൈറ്റഡ്.**

**Rajasthan Royals win against Punjab Kings in IPL Cricket; North East United defeated Odisha in ISL football.**

**&&&&&&&&&&&&&&&&&&&**

# HEADLINE -1

## ELECTION FIRST PHASE

ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ട വോട്ടെടുപ്പിന് നാല് ദിവസം മാത്രം ശേഷിക്കെ രാജ്യത്ത് പ്രചാരണം ഉച്ചസ്ഥായിയിൽ. 102 മണ്ഡലങ്ങളാണ് ഈ മാസം 19 ന് ഒന്നാംഘട്ടത്തിൽ പോളിംഗ് ബൂത്തുകളിലേക്ക് എത്തുന്നത്. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചാരണ രംഗത്ത് സജീവമാണ്. എൻഡിഎ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശിലും കർണാടകയിലുമെത്തും. ഉച്ചകഴിഞ്ഞ് മൈസൂരിൽ പൊതുറാലിയെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം വൈകിട്ട് മംഗലാപുരത്ത് നടക്കുന്ന റോഡ് ഷോയിലും പങ്കെടുക്കും. കോൺഗ്രസ് നേതാക്കളും പ്രചാരണത്തിൽ സജീവമാണ്. അതിനിടെ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള 16 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി കോൺഗ്രസ് ഇന്നലെ പുറത്തിറക്കി. കോൺഗ്രസ് എംപി മനീഷ് തിവാരി ചണ്ഡീഗഢ് ലോക്സഭാ സീറ്റിൽ മത്സരിക്കും. ഹിമാചൽ പ്രദേശ് മന്ത്രി വിക്രമാദിത്യ സിംഗ് മണ്ഡി സീറ്റിലും, മുൻ കേന്ദ്രമന്ത്രി ശ്രീകാന്ത് ജെന ഒഡീഷയിലെ ബാലസോറിലും മത്സരിക്കും.

**&&&&&&&&&&&&&&**

## BJP-MANIFESTO

ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള ബിജെപി പ്രകടന പത്രിക ഇന്ന് പുറത്തിറക്കും. സങ്കൽപ് പത്ര എന്ന പേരിൽ പുറത്തിറക്കുന്ന

പ്രകടനപത്രിക, ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിലാകും പുറത്തിറക്കുക. പാർട്ടിയിലെ മറ്റ് മുതിർന്ന നേതാക്കളും ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&

## HEADLINE -2

### ELECTION KERALA

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് കേരളത്തിൽ എത്തും. ആലത്തൂർ, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കുന്നതിനായാണ് പ്രധാനമന്ത്രി കേരളത്തിലെത്തുന്നത്. ഇന്ന് രാത്രി 8.30ഓടെ കൊച്ചിയിലെത്തുന്ന അദ്ദേഹം രാത്രി സർക്കാർ ഗസ്റ്റ് ഹൗസിൽ വിശ്രമിക്കും. നാളെ രാവിലെ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ കുന്നംകുളം ചെറുവട്ടാനിയിൽ നടക്കുന്ന തിരഞ്ഞെടുപ്പുറാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. തുടർന്ന് തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ കാട്ടാക്കടയിൽ നടക്കുന്ന പൊതുയോഗത്തിൽ പങ്കെടുക്കും. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി നാളെയും മറ്റന്നാളും തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. രാഹുൽ ഗാന്ധിയ്ക്കായി കോൺഗ്രസ് പ്രസിഡൻറ് മല്ലികാർജ്ജുൻ ഖാർഗെ ഈ മാസം 20 നും ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഈ മാസം 22 നും കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ മറ്റു എൽഡിഎഫ് നേതാക്കൾ തുടങ്ങിയവർ എൽഡിഎഫ് പ്രചാരണത്തിൽ സജീവമാണ്.

&&&&&&&&&&&&&&

### HOME VOTERS – KERALA

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസു പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും വീട്ടിലെത്തി വോട്ടു രേഖപ്പെടുത്തുന്ന നടപടി നാളെ ആരംഭിക്കും. അസന്നിഹിത വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടം നാളെ തുടങ്ങി ഏപ്രിൽ 19ന് അവസാനിക്കും. അർഹരായ വോട്ടർമാരുടെ വീടുകളിൽ പ്രത്യേക പോളിങ് സംഘങ്ങളെത്തി വോട്ട് രേഖപ്പെടുത്തും.

&&&&&&&&&&&&&&

## HEADLINE - 4

## AMBEDKAR – JAYANTI

ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ ബി.ആർ അംബേദ്കറുടെ 134-ാാം ജന്മവാർഷികത്തിൽ സ്മരണാഞ്ജലി അർപ്പിച്ച് രാജ്യം. അദ്ദേഹത്തിൻറെ അന്ത്യവിശ്രമ സ്ഥലമായ ചൈത്യഭൂമിയിലും ബുദ്ധമതം സ്വീകരിച്ച നാഗ്പൂരിലെ ദീക്ഷഭൂമിയിലും വിവിധ ആഘോഷങ്ങൾ സംഘടിപ്പിക്കും. പാർലമെൻ്റ് ഹൗസ് ലോണിലെ അംബേദ്കർ പ്രതിമയിൽ പ്രമുഖ നേതാക്കൾ പുഷ്പാർച്ചന നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും അംബേദ്കർ ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്നു. രാജ്യത്തിൻറെ സമഗ്ര വികസനത്തിന് അംബേദ്കറുടെ ആശയങ്ങൾ സ്വീകരിക്കണമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ ആഹ്വാനം ചെയ്തു. ഭാരതത്തിന്റെ മഹാനായ പുത്രനായ ഡോ.ബി.ആർ.അംബേദ്കർ ഇന്ത്യൻ ഭരണഘടനയുടെ ശില്പി മാത്രമല്ല, സാമൂഹിക നീതിയുടെ വക്താവ് കൂടിയായിരുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&

## INDIAN NAVY-AWARDS

ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള നാവിക സേന പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. ഗോവയിൽ നടക്കുന്ന ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരി കുമാർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നാവികസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർക്കൊപ്പം പുരസ്കാര ജേതാക്കളുടെ കുടുംബാംഗങ്ങളും ചടങ്ങിന് സാക്ഷ്യം വഹിക്കും.

&&&&&&&&&&&&&&

## HEADLINE -3

## VISHU (INTRO)

ഇന്ന് വിഷു. കാർഷിക സമൃദ്ധിയുടെ ഗതകാലസ്മരണയിൽ, പ്രതീക്ഷയുടെ കണി ഒരുക്കി വിഷുവിനെ വരവേൽക്കുകയാണ് നാടെങ്ങുമുള്ള മലയാളികൾ. നന്മകൾ നിറഞ്ഞ പുതു കാലത്തിനായുള്ള പ്രാർത്ഥനയും പ്രതീക്ഷയുമായി ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് വിഷു ആഘോഷിക്കുന്നു.

**(വോയ്സ്)**

ഐശ്വര്യത്തിൻറെയും സമൃദ്ധിയുടെയും നല്ല കാലത്തേക്ക് കൺ തുറന്ന് വീണ്ടുമൊരു വിഷു കൂടി. വിഷുക്കണി കണ്ടുണർന്നും വിഷുക്കൈനീട്ടം നൽകിയും നാടെങ്ങും ഇന്ന് വിഷു ആഘോഷിക്കുന്നു.

കാർഷികസമൃദ്ധിയിലേക്കും ഐശ്വര്യത്തിലേക്കും കൺതുറക്കുന്ന പ്രതീക്ഷയുടെ ദിനമാണ് വിഷു. മേടമാസത്തിലെ വിഷുപ്പുലരിയിൽ കാണുന്ന കണിയുടെ പുണ്യവും സൗഭാഗ്യങ്ങളും വർഷം മുഴുവൻ നിലനിൽക്കുമെന്നാണു വിശ്വാസം. വിഷുദിനമായ ഇന്ന് ക്ഷേത്രങ്ങളിൽ ദർശനത്തിനു വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. തിന്മക്കുമേൽ നന്മ നേടിയ വിജയമാണ് വിഷു. ഒപ്പം കാർഷിക സമൃദ്ധിയുടെ ഒരു ഭൂതകാലത്തിൻറെ ഓർമപ്പെടുത്തൽ കൂടിയാണ് മലയാളികൾക്ക് വിഷു. ആഘോഷ വേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ , പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവരും മലയാളികൾക്ക് വിഷു ആശംസകൾ നേർന്നു.

ന്യൂസ്ഡെസ്ക് ആകാശവാണി...................

&&&&&&&&&&&&&&

## SABARIMALA – VISHU

വിഷു പുലരിയിൽ ഗുരുവായൂരിലും ശബരിമലയിലും വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്. ശബരിമലയിൽ ഇന്ന് പുലർച്ചെ നാല് മണിക്കാണ് വിഷുക്കണി ദർശനം ആരംഭിച്ചത്. ഇന്ന് പുലർച്ചെ നടതുറന്ന് ശ്രീലകത്ത് ദീപം തെളിയിച്ച് അയ്യപ്പ സ്വാമിയെ അദ്യം കണി കാണിച്ചു. തുടർന്ന് തീർത്ഥാടകർക്കും വിഷുക്കണി ദർശനം നടന്നു.

&&&&&&&&&&&&&&

# HEADLINE - 5

## NT. IRAN ISRAEL ESCALATIONS (INTRO)

വീണ്ടും സംഘർഷഭീതിയിൽ പശ്ചിമേഷ്യ. സിറിയയിലെ കോൺസുലേറ്റിന് നേരെയുണ്ടായ വ്യോമാക്രമണത്തിന് തിരിച്ചടിയായി ഇറാൻ, ഇസ്രായേലിന് നേരെ ഡ്രോണുകളും മിസൈലുകളും വിക്ഷേപിച്ചു.

**വിശദാംശങ്ങളിലേക്ക്...................**

**(വോയ്സ്)**

## NT. IRAN ISRAEL ESCALATIONS (VOICE)

നൂറിലധികം ഡ്രോണുകളാണ് ഇസ്രായേലിലേക്ക് ഇറാൻ വിക്ഷേപിച്ചത്. തങ്ങളുടെ പ്രദേശത്തേക്ക് ഇറാൻ ഡ്രോണുകൾ വിക്ഷേപിച്ചതായി ഇസ്രായേൽ പ്രതിരോധസേനയും സ്ഥിരീകരിച്ചു. രാജ്യം അതീവ ജാഗ്രതയിലാണെന്നും ഇസ്രായേൽ സൈന്യം പ്രതികരിച്ചു. പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇസ്രായേൽ പ്രധാനമന്ത്രി

ബഞ്ചമിൽ നെതന്യാഹു അടിയന്തിരയോഗം വിളിച്ചു. തങ്ങൾക്കെതിരായ ആക്രമണം നേരിടാൻ ഇസ്രായേൽ തയ്യാറാണെന്ന് നെതന്യാഹു വ്യക്തമാക്കി. ഇസ്രയേൽ, ജോർദ്ദാൻ, ലെബനൻ, ഇറാൻ എന്നീ രാജ്യങ്ങൾ വ്യോമാതിർത്തികൾ അടച്ചു. മേഖലയിലെത്തി യാത്ര ചെയ്യരുതെന്ന് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ പൗരൻമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്ന് അമേരിക്ക വ്യക്തമാക്കി. ഇറാൻ ആക്രമണത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക് അപലപിച്ചു.

**ന്യൂസ്ഡെസ്ക് ആകാശവാണി.........**

&&&&&&&&&&&&&&

## SC–KEJRIWAL

മദ്യനയ കേസിൽ ഈ.ഡി യുടെ അറസ്റ്റിനെ ചോദ്യം ചെയ്തു കൊണ്ട് ഡൽഹി മുഖ്യമന്ത്രിയും, ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി, സുപ്രീം കോടതി നാളെ പരിഗണിക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക.

&&&&&&&&&&&&&&

## LAKSHADEEP FLIGHT SERVICE

കോഴിക്കോട് നിന്ന് ലക്ഷദ്വീപിലെ അഗത്തിയിലേക്ക് അടുത്തമാസം ഒന്നുമുതൽ ഇൻഡിഗോ വിമാന സർവീസ് ആരംഭിക്കും. ഇതിൻറെ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു. കൊച്ചി വഴിയാണ് യാത്ര. ഇത് ആദ്യമായാണ് കോഴിക്കോട് നിന്ന് ലക്ഷദ്വീപിലേക്ക് നേരിട്ടുള്ള വിമാന സർവീസ് ആരംഭിക്കുന്നത്. കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും രാവിലെ 10.20 ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1 മണിക്ക് അഗത്തിയിൽ എത്തുന്ന രീതിയിലാണ് സർവീസ്.

&&&&&&&&&&&&&&

# HEADLINE -6

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സിനെതിരെ രാജസ്ഥാൻ റോയൽസിന് മൂന്നു വിക്കറ്റിൻറെ തകർപ്പൻ ജയം. പഞ്ചാബിനെതിരെ 148 റൺസിൻറെ വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാൻ മറുപടി ബാറ്റിങ്ങിൽ ഒരു പന്ത് അവശേഷിക്കെ ലക്ഷ്യം കണ്ടു. ഐപിഎല്ലിൽ ഇന്ന് രണ്ട് മത്സരങ്ങളാണ്

ഉള്ളത്. വൈകിട്ട് 3.30 ന് കൊൽക്കത്ത ഈഡൻ ഗാർഡനിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലക്നൗ സൂപ്പർ ജയിന്റ്സിനെയും, രാത്രി 7.30 ന് മുംബൈ വാങ്കേടെ സ്റ്റേഡിയത്തിൽ മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിങ്സിനെയും നേരിടും .

&&&&&&&&&&&&&&

# HEADLINE – 6A

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഒഡീഷ എഫ് സിയെ എതിരില്ലാത്ത 3 ഗോളിന് പരാജയപ്പെടുത്തി. ഇന്ന് രാത്രി 7.30-ന് എഫ് സി ഗോവ ചെന്നൈയിൻ എഫ് സിയെ നേരിടും. ഈ മാസം 19 മുതൽ പ്ലേ ഓഫ് എലിമിനേറ്റർ പോരാട്ടം തുടങ്ങും.

&&&&&&&&&&&&&&

## WRESTLING-ASIAN CHAMPIONSHIP

കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ നടന്ന ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പ് 2024-ൽ വനിതകളുടെ 68 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ ഗുസ്തി താരം രാധിക വെള്ളി മെഡൽ നേടി. വനിതകളുടെ 50 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ ശിവാനി പവാറിന് വെങ്കല മെഡൽ കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ചാമ്പ്യൻഷിപ്പിന്റെ മൂന്നാം ദിനമായ ഇന്നലെ ഇന്ത്യ രണ്ട് മെഡലുകളാണ് നേടിയത് .

&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ താപനില ഉയർന്നു തന്നെ. ഈ മാസം 17 വരെ 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും തൃശ്ശൂർ ജില്ലയിൽ 38°C വരെയും ഉയർന്നേക്കും. കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37°C വരെയും താപനില വർദ്ധിക്കാനിടയുണ്ട്.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&